**പതിമൂന്നാംകേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1409** | **08.02.2013 - ൽ മറുപടിക്ക്**

**കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. പി. സജീന്ദ്രൻ<br>,, ജോസഫ് വാഴക്കൻ<br>,, സി. പി. മുഹമ്മദ്<br>,, സണ്ണി ജോസഫ്** | | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ട പ്രവൃത്തികൾ പുനരാരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കമോ; | (എ) | കെ.എസ്.റ്റി.പി. രണ്ടാംഘട്ടം നിർമ്മാണ പ്രവൃത്തികൾ ലോകബാങ്ക് ധനസഹായത്തോടുകൂടി ഉടൻ ആരംഭിക്കുന്നതാണ്. ഇതിൽപ്പെട്ട കാസർഗോഡ് - കാഞ്ഞങ്ങാട്, പിലാത്തറ – പാപ്പിനിശ്ശേരി റോഡുകൾക്ക് ലഭിച്ച ടെണ്ടറുകൾ സൂക്ഷ്മ പരിശോധനയിലാണ്. തലശ്ശേരി - വളവുപാറ റോഡിന്റെ ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി 06.02.2013 ആണ്. ബാക്കിയുള്ള റോഡുകളുടെ Detailed Project Report ലഭിക്കുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | കെ.എസ്.റ്റി.പി. രണ്ടാംഘട്ടം നടപ്പിലാക്കുന്നതിനായി 1356 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ 2012 SOR അനുസരിച്ച് ടി എസ്റ്റിമേറ്റ് 2005 കോടി രൂപയുടേതായി പുതുക്കി നിശ്ചയിക്കുകയും പ്രസ്തുത നിർദ്ദേശം പരിശോധിച്ചു വരികയുമാണ്. |

| | |
|---|---|
| (സി) ലോകബാങ്കിന്റെ സഹായത്തിനായി ചർച്ച നടത്തി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; | (സി) ലോകബാങ്കുമായി തുടർ ചർച്ചകൾ നടന്നുവരികയാണ്. 2013 ഫെബ്രുവരി 13 -ാം തീയതി ലോകബാങ്ക് പ്രതിനിധികൾ ഈ പദ്ധതിയുടെ Appraisal നു വേണ്ടി വരികയാണ്. ഇതിനെ തുടർന്ന് 2013 മാർച്ച് മാസം ലോകബാങ്കുമായി നെഗോസിയേഷൻ നടത്തി 2013 ഏപ്രിലിൽ കരാർ ഒപ്പു വയ്ക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (ഡി) സ്ഥലമെടുപ്പിനും പണി തുടങ്ങുന്നതിനും എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | (ഡി) ഭൂമി ഏറ്റെടുക്കൽ നടപടി ഏകദേശം 96% പൂർത്തിയായി. ബാക്കി ഭൂമി ഏറ്റെടുക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിച്ചു വരുന്നു. നിർമ്മാണ പ്രവൃത്തിയുടെ കരാർ കൊടുത്ത് 2013 ഏപ്രിലിൽ പണി തുടങ്ങുവാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ